# കേരള സർവകലാശാല

നം.പി.ആർ.189/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാകേന്ദ്രം

വിദൂര വിദ്യാഭ്യാസ വിഭാഗം സെപ്റ്റംബർ 6 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷ ഗവൺമെന്റ് ആർട്സ് കോളേജ് തിരുവനന്തപുരം, യു.ഐ.ടി ഗവ.ഹൈസ്കൂൾ ക്യാമ്പസ് മുളങ്കാടകം വെസ്റ്റ് കൊല്ലം, സെന്റ് മൈക്കിൾസ് കോളേജ് ചേർത്തല എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഹാൾടിക്കറ്റ് അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

### സീറ്റ് ഒഴിവ്

വേദാന്തപഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ആറുമാസം ദൈർഘ്യമുള്ള യോഗ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു. താൽപ്പര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷാപത്രവും ഒറിജിനൽ സർട്ടിഫിക്കറ്റുകളും സഹിതം സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിലുള്ള വേദാന്തപഠനകേന്ദ്രത്തിൽ 2018 സെപ്റ്റംബർ 1 ശനിയാഴ്ച രാവിലെ 10 മണിക്ക് എത്തിച്ചേരേണ്ടതാണ്. അപേക്ഷാപത്രം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 9446409948

### ക്ലാസുകൾ ആരംഭിക്കും

CACEE നടത്തുന്ന യോഗയുടെ ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയുടെ ക്ലാസുകൾ ഓണാവധി കഴിഞ്ഞ് ആഗസ്റ്റ് 29 ന് ആരംഭിക്കുന്നതാണ്.

### ടൈംടേബിൾ

ആഗസ്റ്റ് 20, 23 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ പി.ജി റെഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 30, സെപ്റ്റംബർ 1 എന്നീ തീയതികളിൽ നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2018<br>സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജ്, ഇടഞ്ഞി, പാറശ്ശാല<br>(എയ്ഡഡ്) പുതിയ കോളേജിലേയ്ക്ക് പ്രവേശനം 29.08.2018-ന്

കേരള സർവകലാശാല പുതുതായി അഫിലിയേഷൻ നൽകിയ എയ്ഡഡ് കോളേജായ പാറശ്ശാല, ഇടഞ്ഞി സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജിലെ ബി.എസ്.സി. കെമിസ്ട്രി, ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ബി.കോം ഫിനാൻസ് എന്നീ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 29-ാം തീയതി രാവിലെ 9.00

മണിയ്ക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരാകേണ്ടതാണ്. . രാവിലെ 11 മണി വരെ ഹാജരാകുന്നവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളു.

നിലവിൽ മറ്റ് ഏതെങ്കിലും കോളേജിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ സീറ്റ് ഉറപ്പായ ശേഷം മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ.

എസ്.സി/എസ്.ടി സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 840/- രൂപയും ജനറൽ, മറ്റു സംവരണ വിഭാഗത്തിന് 1525/- രൂപയുമാണ് സർവകലാശാല ഫീസ്

പുതുതായി രജിസ്റ്റർ ചെയ്യുന്നവർ രജിസ്ട്രേഷൻ ഫീസായ 350/- രൂപ (എസ്.സി/എസ്.ടി വിഭാഗം 150/- രൂപ) അടയ്ക്കണം.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
20.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ